**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 798** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് നിരക്ക് കുറയ്ക്കുന്നതിനുതകുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഉണ്ട്, സംസ്ഥാനത്തെ വിവിധ അംഗീകൃത കോളേജുകളിൽ ബി.ടെക് കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് നിരക്ക് കുറയ്ക്കുന്നതിനും തോറ്റുപോയ വിഷയങ്ങൾ എഴുതി വിജയിക്കുന്നതിനുമായി റെമഡിയൽ ട്യൂഷൻ പദ്ധതി IHRDയുടെ നിയന്ത്രണത്തിൽ Model Finishing School എന്ന സ്ഥാപനം മുഖേന നടത്തിവരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 12 ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് എഞ്ചിനീയറിംഗ് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പട്ടികജാതി വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ ആധുനികവൽക്കരിച്ചിട്ടുണ്ടോ; ഇതിനായി കമ്പ്യൂട്ടർ, ഇന്റർനെറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി നടപ്പാക്കിയ മറ്റ് കാര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ ; | (ബി) | ഉണ്ട്, എല്ലാ ഹോസ്റ്റലുകളിലും കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ല. ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി മികവുറ്റതാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്, പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി, ഇന്റർനെറ്റ് സൗകര്യമുള്ള ഐ.ടി.ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, ഭൂമിശാസ്ത്ര ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. എം.ആർ.എസ്സുകളിൽ യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ക്ലാസ്റൂമുകൾ പൊതുവിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക് ആക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം നടത്തപ്പെടുന്ന പദ്ധതികളും എം.ആർ.എസ്സുകളിൽ നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ